# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്പുറം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.ടി.എ.പി8 - 419/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/06/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോയിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ:  കെ.എസ്.എ.പി.ടി.എ.പി8 - 419/21                    തീയ്യതി:  29/06/2021

## പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്  13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ്  215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട  ജില്ലയിലെ കോയിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ  7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി വിജയലക്ഷ്മി പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 17-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. അരുൺകുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ആശ എം കുരുവിള, ഓഡിറ്റർ
ശ്രീ. ഹരികുമാർ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മോൻസി കിഴക്കേടത്ത് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ഗോപകുമാർ വി ജി | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഫ്രാൻസിസ് ജേക്കബ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. ഹരിലാൽ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ബിനോയി കെ വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദു എസ് എൻ | പ്രധാനാദ്ധ്യാപിക | 01-04-2019 | 31-03-2020 |
| ശ്രീ. വിനോദ് വി | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീന എസ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ. ബിബിൻ സാജൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. മിനി ബി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. പ്രിയേഷ് പി യു | മെഡിക്കൽ ഓഫീസർ (ആയുർവ്വേദ) | 01-04-2019 | 20-04-2019 |
| ഡോ. മീരാ രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ | 21-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (ആയൂർവ്വേദ) | | |
| ഡോ. സുരേഷ് കുമാർ പിള്ള | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സബിത വി എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി അജിതാദേവി പി | ഡയറിഫാം ഇൻസട്രക്ടർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Arun S Nair (Asst. Audit Officer, On 24-06-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Arunkumar S (Senior Grade Auditor, On 24-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 30-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Arun S Nair (Asst. Audit Officer, On 24-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 29-06-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Arunkumar S (Senior Grade Auditor, On 24-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-4 |
| 5 | വികസനഫണ്ട് (എസ്.സി.പി.) ചെലവ് തുകയിൽ വ്യത്യാസം<br>Written By: Arunkumar S (Senior Grade Auditor, On 24-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Arun S Nair (Asst. Audit Officer, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Arun S Nair (Asst. Audit Officer, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Arun S Nair (Asst. Audit Officer, On 25-06-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 25-06-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Arun S Nair (Asst. Audit Officer, On 24-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arun S Nair (Asst. Audit Officer, On 24-06-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 24-06-2021) | 1-10 |
| 12 | തൊഴിൽ നികുതി അസ്സസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.<br>Written By: Harikumar.S (Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-11 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Harikumar.S (Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 27-06-2021) | 1-12 |
| 14 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Harikumar.S (Auditor, On 25-06-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 27-06-2021) | 1-13 |
| 15 | അറവുശാലയുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചത് ചട്ടപ്രകാരമല്ല.<br>Written By: Harikumar.S (Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-14 |
| 16 | തുറസ്സായ സ്ഥലവും പാർക്കിംഗ് സൗകര്യവും ഇല്ലാതെ | 1-15 |

| | | |
|---|---|---|
| | കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി<br>Written By: Harikumar.S (Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | |
| 17 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല<br>Written By: Arunkumar S (Senior Grade Auditor, On 23-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-16 |
| 18 | തനത് ഫണ്ട് അടങ്കൽ വച്ച പദ്ധതിക്കായി എസ്.സി.പി ഫണ്ട് ചെലവഴിച്ചു<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-17 |
| 19 | സൈറ്റ് പ്ലാനും സർവ്വീസ് പ്ലാനും ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു<br>Written By: Harikumar.S (Auditor, On 25-06-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-06-2021) | 1-18 |
| 20 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകാൻ മതിയായ തുക വകയിരുത്തുന്നില്ല<br>Written By: Arunkumar S (Senior Grade Auditor, On 23-06-2021)<br>Last Updated By: Arun S Nair (Asst. Audit Officer, On 26-06-2021) | 1-19 |
| 21 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Arun S Nair (Asst. Audit Officer, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Arunkumar S (Senior Grade Auditor, On 25-06-2021)<br>Last Updated By: Arunkumar S (Senior Grade Auditor, On 25-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 29-06-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: B Harikumar (Senior Grade Auditor, On 25-06-2021)<br>Last Updated By: B Harikumar (Senior Grade Auditor, On 25-06-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്

21.2.2019-തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 11.02.2020-ലെ 21(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 30.07.2020 |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി സാംഖ്യയിലെയും സഞ്ചയയിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2. വികസന ഫണ്ട്- എസ്.സി.പി.- വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-6 പ്രകാരമുള്ള ചെലവ് 6725476 രൂപയാണ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 6702299 രൂപയാണ്. 23177 രൂപയുടെ വ്യത്യാസം കാണുന്നു. ആയത് ക്രമീകരിക്കേണ്ടതാണ്.

3. വികസനഫണ്ട് ജനറൽ- വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-6 പ്രകാരം ചെലവ് 10173751 രൂപയാണ് എന്നാൽ ACR പ്രകാരമുള്ള ചെലവ് 9779551 രൂപയാണ്.

4. സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ ഷെഡ്യൂൾ B-12 ൽ ഉൾപ്പെടുത്തേണ്ടതിന് പകരം B-17 ( കാഷ്& ബാങ്ക് ബാലൻസ്) ലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് B-12 ൽ ചേർത്ത് ക്രമീകരിക്കേണ്ടതാണ്.

5. സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടുകളുടെ സുലേഖ പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25492558 |
| വരവ് | 63040337 |
| ആകെ | 88532895 |
| ചെലവ് | 60138387 |
| നീക്കിയിരിപ്പ് | 28394508 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17010610 | 17010610 | 10173751* | 4864908 | 1971951 | |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11514000 | 11514000 | 6702299 | 1429702 | 3381999 | |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 261000 | 261000 | 211000 | 0 | 50000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി.-ടൈഡ്) | 0 | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സി.എഫ്.സി.-അൺടൈഡ്) | 0 | 9803417 | 9803417 | 5744289 | 2527619 | 1531509 | |
| ലോകബാങ്ക് സഹായം | 0 | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 10351000 | 10351000 | 4567141 | 2259559 | 2307582 | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 4272000 | 4272000 | 1546524 | 1066391 | 480133 | |
| പ്രത്യേക ഗ്രാന്റ് | | | | | | | |
| വിമുക്തി | 37500 | 0 | 37500 | 22000 | 15500 | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| എസ്.എസ്.എ. | 175238 | 5796 | 181034 | 0 | 0 | 181034 | |
| ലൈബ്രറി ഗ്രാന്റ് | 209 | 14234 | 14443 | 11782 | 0 | 2661 | |
| ശുചിത്വ മിഷൻ | 2199384 | 156000 | 2355384 | 686000 | 0 | 1669384 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| എം.ജി.എൻ.ആർ.ജി.എസ്. | 8744 | 539679 | 548423 | 548140 | 0 | 283 | |
| ഐ.സി.ഡി.എസ്. | 292468 | 620520 | 912988 | 578836 | 0 | 334152 | |
| പൈക്ക | 114784 | 4511 | 119295 | 0 | 0 | 119295 | |

*977955+394200(സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തത്)

## 1-4-1 വികസനഫണ്ട് (എസ്.സി.പി.) ചെലവ് തുകയിൽ വ്യത്യാസം

വികസനഫണ്ട് (എസ്.സി.പി.)- എ.സി. ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം ഉള്ള ചെലവ് 6725476 രൂപയാണ്. എന്നാൽ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 6702299 രൂപയാണ്. എ.സി. ആർ.-ൽ പ്രോജക്റ്റ് നം. 296/20 ആല്പംതറ എസ്.സി. ഓഡിറ്റോറിയം ഇലക്ട്രിഫിക്കേഷൻ എന്ന പ്രോജക്ടിനായി 23177 രൂപ ചെലവഴിച്ചതായി കാണിച്ചിരിക്കുന്നു. എന്നാൽ ചെലവ് സ്റ്റേറ്റ്മെന്റിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 265 | 92764271 | 150 | 42589910 | 115 | 45.91 |

പഞ്ചായത്തിന്റെ പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു-

1. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണക്കാക്കി പദ്ധതി ആസൂത്രണം നടത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. മിക്ക പ്രോജക്ടുകളും (ഭൂരിഭാഗം മരാമത്ത് പ്രവൃത്തികൾ) വാർഡ് അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

2. പ്രോജക്ടുകളുടെ ബാഹുല്യം ശ്രദ്ധേയമാണ്. ആവിഷ്കരിച്ച പ്രോജക്ടുകളിലെ ഏകദേശം 60 ശതമാനം മാത്രമേ നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ. ചെറുതും ഫലപ്രാപ്തി കുറഞ്ഞതും, വിഭവങ്ങളുടെ നേരിയ തോതിൽ വിന്യാസമുള്ളതുമായ പ്രോജക്ടുകൾ പരമാവധി ഒഴിവാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുള്ളതിന് പരിഗണന നൽകിയിട്ടില്ല.

3. പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് സർക്കാർ നൽകുന്ന എസ്.സി.പി ഫണ്ടുകളുടെ ചെലവിന്റെ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ലഭിച്ച എസ്.സി.പി ഫണ്ടിന്റെ 58 ശതമാനം മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. സാമൂഹ്യനീതി

ഉറപ്പാക്കുക എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുൻഗണന തെറ്റിക്കുന്ന സമീപനമാണ് ഇതിലൂടെ സംജാതമായിട്ടുള്ളത്.

4. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. 2019-20 വർഷാവസാനം ഈയിനത്തിൽ 53 ലക്ഷം രൂപ അവശേഷിക്കുന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| ഭരണച്ചെലവുകൾ | 8774 | 623500 | 631961.36 | 282.64 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 10509703 | 10509703 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 8 | 15360 |
| കർഷകതൊഴിലാളി പെൻഷൻ | 302 | 546000 |
| വിധവാ പെൻഷൻ | 1811 | 3290400 |
| വാർദ്ധക്യകാല പെൻഷൻ | 3899 | 7340700 |
| വികലാംഗ പെൻഷൻ | 543 | 1008900 |
| അവിവാഹിത പെൻഷൻ | 9 | 184000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.6.2021-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38071/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുകയും ചെയ്യുന്നുണ്ട്.

അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമസഭകളിൽ ജനപങ്കാളിത്തം വളരെ കുറവാണ്.

പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകൾ ഉണ്ടാകുന്നില്ല. ഗ്രാമസഭയിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പദ്ധതി ആസൂത്രണത്തിൽ പ്രതിഫലിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല.പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

മിനിട്ട്സ്

ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിട്ട്സ് സകർമ്മ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് ഫെബ്രുവരി 2020 വരെയുള്ളത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.11.2020-12.11.2020 | 3/2020 | റിപ്പോർട്ട് ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.11.2012 | 2011-12 | 11.12.2013 |

## 1-11 തൊഴിൽ നികുതി അസ്സസ്സ്മെന്റ്, ഡിമാന്റ് നടപടികൾ കാര്യക്ഷമമല്ല.

പഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട വരുമാന മാർഗ്ഗമായ തൊഴിൽ നികുതി അസ്സസ്സ് ചെയ്ത് ഡിമാന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടായിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള പിരിവ് പോലും പൂർണമല്ല. ഓഡിറ്റ് വർഷം 127 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്. ആയതിൽ ഭൂരിപക്ഷവും സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളാണ്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | തൊഴിൽ നികുതി (അർദ്ധവർഷം) | |
|---|---|---|---|
| | | ജീവനക്കാർ | സ്ഥാപനം |
| 1 | എ.ഇ.ഒ. ഓഫീസ് | 2nd | - |
| 2 | ബി.എസ്.എൻ.എൽ., കുമ്പനാട് | 1st | - |
| 3 | സപ്ലൈക്കോ, പുല്ലാട് | 2nd | 2nd |
| 4 | സപ്ലൈക്കോ, ആറാട്ടുപുഴ | 1st & 2nd | 1st & 2nd |
| 5 | പോസ്റ്റ് ഓഫീസ്, കടപ്ര | 2nd | - |
| 6 | പോസ്റ്റ് ഓഫീസ്, കുമ്പനാട് | 2nd | - |
| 7 | പോസ്റ്റ് ഓഫീസ്, കുന്നത്തുകര | 1st & 2nd | - |
| 8 | പോസ്റ്റ് ഓഫീസ്, പൂവത്തൂർ | 1st & 2nd | - |
| 9 | ബ്രദറൺ ഇംഗ്ലീഷ് മീഡിയം എച്ച്.എസ്., കുമ്പനാട് | 1st & 2nd | - |
| | | | |

| | | | |
|---|---|---|---|
| 10 | ഗ്രേയ്സ്മൗണ്ട് റസിഡൻഷ്യൽ സ്കൂൾ, കുമ്പനാട് | 2nd | - |
| 11 | സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ, മുട്ടുമൺ | 1st & 2nd | - |
| 12 | പത്തനംതിട്ട ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, മുട്ടുമൺ | 2nd | 2nd |
| 13 | പുല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.1375 | 1st & 2nd | 1st & 2nd |
| 14 | പുല്ലാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് നം.195 | 1st & 2nd | 1st & 2nd |
| 15 | മുത്തൂറ്റ് മിനി ഫിനാൻസ് ലിമിറ്റഡ് | 2nd | 2nd |
| 16 | ഇസാഫ് കുമ്പനാട് | 2nd | 2nd |
| 17 | റേഷൻ കടകൾ (17 എണ്ണം) | 1st & 2nd | 1st & 2nd |
| 18 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ(4 എണ്ണം) | 1st & 2nd | 1st & 2nd |
| 19 | അക്ഷയ കേന്ദ്രങ്ങൾ(2 എണ്ണം) | 1st & 2nd | 1st & 2nd |

ഗ്രാമ പഞ്ചായത്തിൽ നിന്നും 2019-20 സാമ്പത്തിക വർഷം ചെറുതും വലുതുമായ 408 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ഭൂരിപക്ഷം സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വലിയ വരുമാന നഷ്ടമുണ്ടായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പോബ്സ് സിമന്റ് ബ്ലോക്ക്സ്, 15/577 | 5 |
| 2 | മാടോലിൽ ഫ്യൂവൽസ്, 7/858 | 7 |
| 3 | ഗ്ലാസ്സ് ഹൗസ്, പുല്ലാട്,7/687,834,626,627 | 9 |
| 4 | ഓവൻഫ്രഷ് ബേക്കേഴ്സ്,4/150, 151 | 5 |
| 5 | ഈഴരത്ത് ഹോളോബ്രിക്സ്, 14/503 | 6 |
| 6 | ക്വാളിറ്റി സൂപ്പർ ബസാർ | 27 |
| 7 | ദി മഞ്ചേരിക്കളം പ്രൊവിഷണൽ സ്റ്റോർ, 2/413,414,415,416 | 5 |
| 8 | ചുങ്കത്തിൽ ഏജൻസീസ്,1/708 | 5 |
| 9 | ഏജീസി മെർക്കന്റൈൽ ലിമിറ്റഡ്, 12/533 | 5 |
| 10 | ബേത്ത് യഹൂദാ ആർത്രൈറ്റിസ് & സ്പൈൻ സെന്റർ, 8/83A2,83A3 | 7 |
| 11 | കടന്തോട്ട് ഫാഷൻസ്, 1/239 | 5 |
| 12 | ലാൽ മാച്ച് ഇൻഡസ്ട്രീസ്, 10/129,130 | 6 |
| 13 | മഡോണ മാർബിൾസ് & ഗ്രാനൈറ്റ്സ്, വാർഡ് 16 | 9 |
| 14 | ഹൈ പ്ലാസ്റ്റ് ഇൻഡസ്ട്രീസ്, 12/534 | 9 |
| 15 | സീന ബേക്കറി, 1/230 | 5 |
| 16 | ഡെന്റൽ സ്പെഷ്യാലിറ്റി സർജിക്കൽ & ഇംപ്ലാന്റ് സെന്റർ, 1/125A1, 125A3 | 8 |
| 17 | വാലറ്റ് എക്സ്പ്രസ്, 13/1019 | 4 |
| 18 | സൂര്യാ ഫ്യൂവൽസ്, 12/1047 | 5 |

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം സെക്രട്ടറിയ്ക്ക് നോട്ടീസ് മൂലം ഏതൊരു കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും കൈവശക്കാരനോടും നികുതിയ്ക്ക് വിധേയരായവരുടെ ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ നോട്ടീസ് മുഖാന്തിരം ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പ് 205C പ്രകാരം സെക്രട്ടറിയ്ക്ക് ഏതൊരു തൊഴിലുടമയോടും അയാളുടെയും അവിടെ തൊഴിലെടുക്കുന്ന എല്ലാവരുടെയും വിവരങ്ങളടങ്ങിയ ലിസ്റ്റ് ജീവനക്കാരുടെ ശമ്പള/വരുമാന വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് സഹിതം ഹാജരാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനായ ഏതൊരാളിൽ നിന്നും ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ച നിരക്കിൽ തൊഴിൽ നികുതി വസൂലാക്കാൻ വകുപ്പ് 205ഡി പ്രകാരം തൊഴിലുടമ ബാധ്യസ്ഥനാണ്. ഓഫീസ് തലവന്റെയോ, തൊഴിലുടമയുടെയോ ഭാഗത്തുനിന്നുള്ള വീഴ്ച്ച കാരണം കുടിശ്ശിക വരുമ്പോൾ അത് അയാളിൽ നിന്നുള്ള കുടിശ്ശിക എന്ന പോലെ ചട്ടങ്ങൾക്ക് വിധേയമായി വസൂലാക്കാവുന്നതാണെന്ന് വകുപ്പ് 205(3) ലും നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും വിപുലമായ വ്യവസ്ഥകൾ പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉണ്ടെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതു മൂലം ഓരോ വർഷവും തനത് വരുമാനമായി ലഭിക്കേണ്ട വൻതുക നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ.നം. | കരാറുകാരുടെ വിവരങ്ങൾ |
|---|---|
| 1 | സദാനന്ദൻ |
| 2 | ജേക്കബ് കുര്യൻ |
| 3 | ജയൻ റ്റി.ജെ |
| 4 | സി.ആർ.വിജയൻ |
| 5 | സതീഷ്കുമാർ വി. |
| 6 | കെ.വി.രവീന്ദ്രനാഥൻ നായർ |
| 7 | പി.കെ.മുരളീധരൻ നായർ |
| 8 | ബിജു മാത്യു |
| 9 | ജെ.ചാണ്ടി |
| 10 | മാത്യു ജേക്കബ് |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ വിവരങ്ങൾ |
|---|---|

| | |
|---|---|
| 1 | വിഷൻ കെയർ ഒപ്റ്റിക്കൽസ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്, 5/36F & 36G |
| 2 | ഗ്രേയ്സ് ഡെന്റൽ ക്ലിനിക്ക്, 8/606, 607 |
| 3 | ഇൻസ്റ്റാലാബ് മെഡിക്കൽ ലബോറട്ടറി, 11/507 |
| 4 | ഡി.ഡി.ആർ.സി.എസ്.ആർ.എൽ ഡയഗണോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ്, 1/899 |
| 5 | മൈക്രോലാബ് ലബോറട്ടറീസ്, 6/232 |
| 6 | ബേത്ത് യഹൂദാ ആർത്രൈറ്റീസ് & സ്പൈൻ സെന്റർ, 8/83A2, 83A3 |
| 7 | എം.എം.സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, 1/220, 223A, 223B |
| 8 | ചക്കുതറ ക്ലിനിക്ക് & ഡയഗണോസ്റ്റിക് സെന്റർ, 7/212 |
| 9 | ആഞ്ചാനി ഫിസിയോതെറാപ്പി ക്ലിനിക്ക്, 15/627 |
| 10 | ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ |
| 11 | റേഷൻ കടകൾ (17 എണ്ണം) |
| 12 | ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ (4 എണ്ണം) |
| 13 | അക്ഷയ കേന്ദ്രങ്ങൾ(2 എണ്ണം) |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും, 1997-ലെ കേരള പഞ്ചായത്ത്‌രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2019-20 വർഷം ലൈസൻസ് നൽകിയിട്ടില്ല. പകരം 50 രൂപ ഫീസ് ഈടാക്കി രജിസ്ട്രേഷൻ പുതുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## <u>1-14 അറവുശാലയുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചത് ചട്ടപ്രകാരമല്ല.</u>

ഗ്രാമപഞ്ചായത്ത് 8-ാം വാർഡിൽ 313-ാം നമ്പർ കെട്ടിടത്തിൽ കശാപ്പുശാല നടത്തുന്നതിന് ശ്രീ.ആന്റണി അഗസ്റ്റിൻ, നിരന്നനിലത്ത്, വഞ്ചിക എന്നയാൾക്ക് 03.04.2019-ൽ 2505/19-20(1) നമ്പരായി ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലും ടിയാൻ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് അറവുശാല നടത്തിയിരുന്നു. ലൈസൻസ് ഫീസായി 22740/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. മുൻ വർഷത്തെ ലൈസൻസ് ഫീസിന്റെ 5% വർദ്ധിപ്പിച്ച തുകയാണിത് . 1996-ലെ കേരള പഞ്ചായത്ത്‌രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും ചട്ടങ്ങൾ) ചട്ടം 35 പ്രകാരം നിലവിലുള്ള ഒരു കശാപ്പുശാലയുടെ ലൈസൻസ് ഫീസ് ഏറ്റവും കുറഞ്ഞത് 500/- രൂപ എന്നതിന് വിധേയമായി ആ കശാപ്പുശാലയുടെ മുൻവർഷത്തെ മൊത്തവരുമാനത്തിന്റെ ഇരുപതു ശതമാനമായി നിജപ്പെടുത്തേണ്ടതാണ്. കശാപ്പുശാലയ്ക്ക് ലൈസൻസ് ലഭിച്ചിട്ടുള്ള ആളുകൾ കശാപ്പുശാലയിൽ ലഭിക്കുന്ന ഓരോ തുകയ്ക്കും രസീത് നൽകേണ്ടതും ശരിയായ കണക്കുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കേണ്ടതും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം കശാപ്പുശാലയെ സംബന്ധിച്ച മുൻവർഷത്തെ വരവും ചെലവും കാണിക്കുന്ന ഒരു പട്ടിക കൂടി സമർപ്പിക്കേണ്ടതുമാണെന്ന് ചട്ടം 36-ലും നിഷ്കർച്ചിട്ടുണ്ട്. എന്നാൽ ഈ ചട്ടങ്ങളൊന്നും പാലിക്കാതെയാണ് കശാപ്പുശാലയ്ക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. കശാപ്പുശാലയുടെ

മുൻവർഷത്തെ വരവു ചെലവു കണക്കുകൾ ഹാജരാക്കിയിട്ടില്ല. മുൻവർഷത്തെ വരുമാനം കൃത്യമായി പരിശോധനാ വിധേയമാക്കി ലൈസൻസ് ഫീസ് നിശ്ചയിക്കാതിരുന്നത് മൂലം ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/24.03.21) കശാപ്പുശാലയിൽ വച്ച് ഇറച്ചി വിൽപ്പന നടത്തുന്നില്ലെന്നും അവിടെ നിന്നുള്ള ഇറച്ചി ടിയാൻ ലേലത്തിൽ പിടിച്ചിട്ടുള്ള മാർക്കറ്റ് സ്റ്റാളിൽ വച്ച് മാത്രമാണ് വിൽക്കുന്നതെന്നും വീട്ടിൽ സൂക്ഷിച്ചിരുന്ന വരവ്-ചെലവ് കണക്കുകൾ 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതായി ടി.യാൻ അറിയിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാമെന്ന് ലൈസൻസി അറിയിച്ചിട്ടുള്ളതായും തുടർ വർഷങ്ങളിൽ ലൈസൻസ് നൽകുമ്പോൾ മുൻവർഷങ്ങളിൽ പഞ്ചായത്തിന് സംഭവിച്ചിട്ടുള്ള സാമ്പത്തിക നഷ്ടം കൂടി കണക്കാക്കി ടിയാനിൽ നിന്നും തുക ഈടാക്കിക്കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. 2019-20-ലെ വരവ് ചെലവ് കണക്കുകൾ 2018-ലെ പ്രളയത്തിൽ നഷ്ടപ്പെട്ടുപോയെന്ന ടി.യാന്റെ വാദം അംഗീകരിക്കുന്നു. ചട്ടം 36 പ്രകാരം കശാപ്പുശാലയിൽ ലഭിക്കുന്ന എല്ലാ തുകയ്ക്കും ലൈസൻസി രസീത് നൽകേണ്ടതും കൃത്യമായ അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതുമാണ്. സെക്രട്ടറിയ്ക്കോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അവ പരിശോധിക്കാവുന്നതാണ്. കശാപ്പുശാലയിലെ നിലവിലെ വരവു ചെലവ് കണക്കുകൾ പരിശോധനാ വിധേയമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ തുടർവർഷങ്ങളിലെ ലൈസൻസ് തുകയിലുണ്ടായ നഷ്ടം കണക്കാക്കി, തുക ലൈസൻസിയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-15 തുറസ്സായ സ്ഥലവും പാർക്കിംഗ് സൗകര്യവും ഇല്ലാതെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകി</u>

കോയിപ്രം വില്ലേജ് , സർവ്വേ നം. 83/3-ലുള്ള 365 ച.മീ ഭൂമിയിൽ 329.81 ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.സാം മാത്യു, ശ്രീമതി. ബെറ്റ്സി മാത്യു സായ്മോൻ എന്നിവർക്ക് 07.01.2020-ൽ A1-8174/19നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. തറനിരപ്പ് നിലയുടെ നിർമ്മിത വിസ്തീർണ്ണം 145.80 ച.മീറ്ററും ഒന്നാം നിലയുടെ വിസ്തീർണ്ണം 184.01 ച.മീറ്ററുമാണ്. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള അംഗീകൃത പ്ലാനിന്റെ നാലു കോപ്പികളിൽ ഒരെണ്ണം മേൽപ്പറഞ്ഞ വിസ്തീർണ്ണ പ്രകാരമുള്ളതും മറ്റു മൂന്നു പ്ലാനുകൾ ഇരു നിലകളും 184.01 വിസ്തീർണ്ണമുള്ളതുമാണ്. അവയിൽ ഏതാണ് യഥാർത്ഥ പ്ലാൻ എന്ന് വ്യക്തമല്ല. 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) ചട്ടം 26 പട്ടിക 4(6) പ്രകാരം 200ച.മീ.-ൽ കൂടുതലുള്ള എഫ്-വിനിയോഗഗണത്തിലെ കെട്ടിടത്തിന് പിൻവശത്ത് 1.5m തുറസ്സായ സ്ഥലം ആവശ്യമാണ് എന്നാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള പ്ലാൻ പ്രകാരം ടി.കെട്ടിടത്തിന്റെ പിൻവശത്തെ തുറസ്സായ സ്ഥലത്തിന്റെ വ്യാപ്തി ഒരു വശത്ത് 1.48മീറ്ററും മറുവശത്ത് 1.01മീറ്ററും മാത്രമാണ്. 329.81 ച.മീ. വിസ്തീർണ്ണമുള്ള ടി.കെട്ടിടത്തിന്റെ പ്ലാനിൽ ഭിന്നശേഷിക്കാർക്കുള്ള റാമ്പ് കാണിച്ചിട്ടില്ല. ഭിന്നശേഷിക്കാർക്കുള്ളത് ഉൾപ്പെടെ 5-കാറുകൾക്ക് പാർക്കിംഗ് ആവശ്യമാണ്. കെട്ടിടത്തിന്റെ മുൻഭാഗത്ത് നിയമാനുസൃതം ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്താണ് 5-കാറുകളുടെ പാർക്കിംഗ് കാണിച്ചിരിക്കുന്നത്. മതിയായ വാഹന പ്രവേശന മാർഗ്ഗവും വാഹനത്തിന് വളഞ്ഞു തിരിയുന്നതിനുള്ള സഞ്ചാര സൗകര്യ സ്ഥലവുമുള്ളപക്ഷം, തുറസ്സായ സ്ഥലത്തിന്റെ അമ്പതു ശതമാനം കവിയാതെയുള്ള സ്ഥലം മാത്രം പാർക്കിംഗ് സ്ഥലമായി കണക്കാക്കാനെ ചട്ടം 38(7) പ്രകാരം വ്യവസ്ഥയുള്ളൂ. അപ്രകാരം കണക്കാക്കുമ്പോൾ 2 കാറുകൾക്കുള്ള സൗകര്യപ്രദമായ പാർക്കിംഗ് സ്ഥലം മാത്രമേ ലഭ്യമായുള്ളൂ. കാർ പാർക്കിംഗിന് ആവശ്യമായ സ്ഥലത്തിന്റെ 25% അധികമായി ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിന് നൽകേണ്ടതാണെന്ന ചട്ടവും (38(4)) പാലിച്ചിട്ടില്ല. ഇപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത പ്ലാനിന് അംഗീകാരം നൽകി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/24.03.21), എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി.വിഭാഗത്തിൽ നിന്നുള്ള വിശദീകരണം വാങ്ങിയിട്ടില്ല. ചട്ടങ്ങൾ പാലിക്കാതെയുള്ള പ്ലാനിന് അംഗീകാരം നൽകുന്നതിന് ശുപാർശ ചെയ്ത എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച് ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## <u>1-16 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ പദ്ധതി-</u>

## ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് | നം-136/20- ഡിഗ്രി/ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ |
| ചെലവ് തുക, ഫണ്ട് ഇനം | 272436 രൂപ , വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നം, തീയതി | 19050952015900979374 തീയതി 21.12.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണത്തിനായി 12 ലാപ്ടോപ്പുകൾ വാങ്ങുന്നതിന് 272436 രൂപ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന് കൈമാറിയിരുന്നെങ്കിലും 17.06.2021-ൽ മാത്രമാണ് ലാപ് ടോപ്പുകൾ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ളത്. ആയതിനാൽ അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. 2019-20 വർഷം ഡിഗ്രി/ ഡിപ്ലോമക്ക് പഠിക്കുന്ന കുട്ടികൾക്ക് വേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും രണ്ട് വർഷത്തിനു ശേഷമാണ് ലാപ്ടോപ്പുകൾ ലഭ്യമാകുന്നത്. ആയതിനാൽ ഭൂരിഭാഗം കുട്ടികളും കോഴ്സ് കഴിഞ്ഞിട്ടുണ്ടാവാനാണ് സാദ്ധ്യത. വിദ്യാർത്ഥികൾക്കുവേണ്ടി തയ്യാറാക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാനും ലക്ഷ്യം കൈവരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ 11 ഗുണഭോക്താക്കളുടെ അപേക്ഷ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവിനെക്കൂടി കണ്ടെത്തി ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 തനത് ഫണ്ട് അടങ്കൽ വച്ച പദ്ധതിക്കായി എസ്.സി.പി ഫണ്ട് ചെലവഴിച്ചു

വികസനഫണ്ട് (എസ്.സി.പി) യുടെ എ.സി.ആർ പരിശോധിച്ചതിൽ പ്രോജക്ട് നം.296/20 (ഇലക്ട്രിഫിക്കേഷൻ ഓഫ് ആലുന്തറ എസ്.സി ഓഡിറ്റോറിയം) എന്ന പദ്ധതിക്കായി 23177 രൂപ 13.03.2020 ൽ ചെലവഴിച്ചതായി കാണുന്നു. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ടി പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത് തനത് ഫണ്ട് (300000 രൂപ) മാത്രമാണ്. ഈ പദ്ധതി 2019-20 ൽ പൂർത്തിയായിട്ടുള്ളതല്ല. ചെലവ് പത്രിക പ്രകാരം ഈ പദ്ധതിക്കായി യാതൊരു തുകയും 2019-20 ൽ ചെലവഴിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8 ന് ലഭ്യമാക്കിയ മറുപടിയിൽ ടി തുക ചെലവഴിച്ചിട്ടുള്ളത് ആലുന്തറ എസ്.സി ഓഡിറ്റോറിയം ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിക്കല്ലെന്നും മറിച്ച് അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ എം.സി.എഫ് കെട്ടിട നിർമ്മാണം (പ്രോജക്ട് നം.200/20) എന്ന പദ്ധതിക്കാണെന്നും അറിയിച്ചു. കെട്ടിട നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടുന്നതിലേക്കായി കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുകയടച്ചിട്ടുള്ളത്. എന്നാൽ ടി പദ്ധതിയുടെ (പ്രോജക്ട് നം.200/20) ധനകാര്യ കമ്മീഷൻ അടങ്കലിൽ നിന്നും തുക ചെലവഴിക്കാതെ വകയിരുത്താത്ത എസ്.സി.പി ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയാണ് ചെയ്തത്. ക്രമപ്രകാരമല്ലാതെ നടത്തിയ ഈ ചെലവ് എസ്.സി.പി ഫണ്ടിനുണ്ടായ നഷ്ടമായി വിലയിരുത്തുന്നു. മേൽ തുക 23177 രൂപ അടിയന്തിരമായി സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 സൈറ്റ് പ്ലാനും സർവ്വീസ് പ്ലാനും ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചു

കോയിപ്രം വില്ലേജ് , സർവ്വേ നം. 15/13-1 ലുള്ള 588 ച.മീ ഭൂമിയിൽ 765.63 ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിട-വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ.സണ്ണി തോമസ്സ്, കടക്കേത്ത് പറമ്പിൽ, പുരയിടത്തിൽകാവ് എന്നയാൾക്ക് 18.06.2019-ൽ A3-BA(147737)/2019നമ്പരായി പെർമിറ്റ് നൽകിയിട്ടുണ്ട്. അംഗീകരിച്ച പ്ലാനിൽ 39.16 ച.മീ. വിസ്തീർണ്ണമുള്ള സെല്ലാർ നില, വാണിജ്യാവശ്യത്തിനുള്ള 242.01 ച.മീ. വരുന്ന ഒന്നാംനില, പാർപ്പിടാവശ്യത്തിനുള്ള 242.01 ച.മീ. വീതം വിസ്തീർണ്ണം വരുന്ന രണ്ട്, മൂന്ന് നിലകൾ എന്നിവ ഉൾപ്പെടുന്നു. എന്നാൽ അപേക്ഷയോടൊപ്പം 2011-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) ചട്ടം 7(11) പ്രകാരമുള്ള സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ എന്നിവ ഹാജരാക്കിയിട്ടില്ല. അപേക്ഷയിലെ അപാകങ്ങൾ പരിഹരിച്ചു വാങ്ങാതെ ഹാജരാക്കിയ കെട്ടിട പ്ലാനിന്റെ മാത്രം അടിസ്ഥാനത്തിലാണ് അംഗീകാരം നൽകി പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. സൈറ്റ് പ്ലാനിന്റെ അഭാവത്തിൽ, കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗ്ഗത്തിന്റെ വീതി, തെരുവിന്റെ വീതി, കെട്ടിടത്തിന് ചുറ്റും ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലത്തിന്റെ അളവുകൾ എന്നിവയുടെ

പരിശോധന നടത്തിയത് എപ്രകാരമാണെന്ന് വ്യക്തമല്ല. സൈറ്റും, സൈറ്റ് പ്ലാനും സെക്രട്ടറി പരിശോധിച്ച് അംഗീകരിക്കേണ്ടതാണെന്ന് ചട്ടം 11(1) ലും ആയതിനു ശേഷം മാത്രമേ പെർമിറ്റ് അനുവദിക്കാൻ പാടുള്ളുവെന്ന് ചട്ടം 11(2) ലും നിഷ്കർച്ചിട്ടുള്ളതാണ്. കൂടാതെ കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൗകര്യവും ലഭ്യമല്ല. 242.01 ച.മീ. വാണിജ്യക്കെട്ടിടവും 121ച.മീ. വീതം വിസ്തീർണ്ണമുള്ള 4- വാസഗൃഹ യൂണിറ്റുകളും ഉൾപ്പെടുന്ന കെട്ടിടത്തിന് 8- കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ആവശ്യമാണ്. എന്നാൽ അംഗീകരിക്കപ്പെട്ട പ്ലാനിലുള്ള പാർക്കിംഗ് പ്ലാൻ പ്രകാരം രണ്ട് കാറുകൾക്കുള്ള സൗകര്യപ്രദമായ പാർക്കിംഗ് സ്ഥലം മാത്രമേ ലഭ്യമായുള്ളു. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത പ്ലാനിന് അംഗീകാരം നൽകി കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (7/24.03.21), എൽ.എസ്.ജി.ഡി. എഞ്ചിനീയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് അനുവദിച്ചതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി.വിഭാഗത്തിൽ നിന്നുള്ള വിശദീകരണം വാങ്ങി ഹാജരാക്കിയിട്ടില്ല. ചട്ടങ്ങൾ പാലിക്കാതെയുള്ള അപേക്ഷയുടെയും പ്ലാനിന്റെയും അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിന് സെക്രട്ടറി, എൽ.എസ്.ജി.ഡി. അസി. എഞ്ചിനീയർ, ഓവർസിയർ എന്നിവർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റുകൾ അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച് ടൗൺ പ്ലാനിംഗ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകാൻ മതിയായ തുക വകയിരുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിന് മതിയായ നിരക്കിൽ തുക വകയിരുത്തുന്നില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) നം.80/17/ ത.സ്വ.ഭ.വ തീ. 03/04/17നമ്പർ ഉത്തരവ് അനുസരിച്ച് അളക്കുന്ന പാലിന്റെ അളവിനെ ആസ്പദമാക്കി ഒരു കർഷകന് ഒരു വർഷം പരമാവധി 30000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്. 2018-19 വർഷം മുതൽ ഇത് 40000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്ട് നടപ്പിലാക്കാമെന്ന് മാർഗരേഖയിൽ നിർദ്ദേശിച്ചിരുന്നതെങ്കിലും ജില്ലാ/ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതം ലഭ്യമാക്കുന്നതിന് സാധിച്ചില്ല. തൻ വർഷം വികസനഫണ്ട് 129270 രൂപയും തനത് ഫണ്ട് 198841 രൂപയും ഉൾപ്പടെ 328111 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 2019 ജൂൺ മാസം വരെയുള്ള കണക്കിനനുസൃതമായ സബ്സിഡിക്കേ ഈ തുക പര്യാപ്തമായിരുന്നുള്ളു. ആവശ്യകതയ്ക്കനുസൃതമായി ഫണ്ട് വകയിരുത്തി സബ്സിഡി നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

റോഡ്-റോഡിതര സംരക്ഷണ ഫണ്ടും ആവശ്യമെങ്കിൽ തനത് ഫണ്ടും വകയിരുത്തി ആസ്തികളുടെ സംരക്ഷണത്തിന് പഞ്ചായത്ത് തലത്തിൽ സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ തൻ വർഷം ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 43 | 25 | 10351000 | 4567141 | 44.12 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 24 | 11 | 4272000 | 1546524 | 36.2 |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക,സേവനം നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക , സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ വിഭാവനത്തിന്റെ ലക്ഷ്യം. പഞ്ചായത്ത് ഓഫീസിന് മാത്രമാണ് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക

എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. എന്നാൽ, പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന് പ്രോജക്ടുകൾ ആവിഷ്കരിച്ചതിലും നടപ്പിലാക്കിയതിലും ആകെ ചെലവിലും പ്രതിഫലിക്കുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 2500000 | സമഗ്ര കിഴങ്ങ് വർഗ്ഗ കൃഷി വികസനം (ജനറൽ) | 2500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | സമഗ്ര കിഴങ്ങ് വർഗ്ഗ കൃഷി വികസനം (എസ്.സി.പി) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 42500 | പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി | 42500 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | സുഫലം പദ്ധതി മൂല്യ വർദ്ധിത ഉൽപ്പന്ന വിതരണ യൂണിറ്റിന് ധനസഹായം | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പാലിയേറ്റീവ് പരിചരണം | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | പാലിയേറ്റീവ് പരിചരണം | 491800 | 8200 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2500000 | ലൈഫ് ഭവന പദ്ധതി വസ്തു വാങ്ങൽ | 0 | 2500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 175510 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ | 0 | 175510 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | വിവിധ വാർഡുകളിലെ കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (എസ്.സി.പി) | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | ലൈഫ് ഭവന നിർമ്മാണം (പട്ടിക ജാതി) | 0 | 500000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 90500 | ലൈഫ് ഭവന പദ്ധതി വസ്തു വാങ്ങൽ (എസ്.സി.പി) | 0 | 90500 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 90071 | ലൈഫ് ഭവന പദ്ധതി വസ്തു വാങ്ങൽ (ടി.സി.പി) | 0 | 90071 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 40000 | പുല്ലാട് ജംഗ്ഷൻ കാലായിക്കഴിപ്പടി റോഡ് റീ-ടാറിങ്ങ് | 0 | 40000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | മണിയാറ്റ് ചീക്കഴീച്ചാൽ റോഡ് കോൺക്രീറ്റിംങ്ങ് | 0 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50000 | എെ.പി.സി പള്ളിപ്പടി കുനമ്പറക്കോട് റോഡ് കോൺക്രീറ്റിംങ്ങ് | 0 | 50000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 700000 | സോളാർ വിളക്ക് സ്ഥാപിക്കൽ, മോഡൽ യു.പി. സ്കൂൾ, പുല്ലാട് | 300000 | 400000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 800000 | സോളാർ വിളക്ക് സ്ഥാപിക്കൽ, ഗവ.യു.പി. സ്കൂൾ, കിഴക്കേപ്പുറം | 0 | 800000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റിയിടൽ (116/20) | ബിൽ നം.1905095201340102199 Dtd.31.12.2019 | 207846 | 0 | 207846 |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (117/20) | ബിൽ നം.19050952013400969663 Dtd.19.12.2019 | 291095 | 0 | 291095 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻ വർഷം പ്രവർത്തികൾക്കൊന്നുംതന്നെ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8285698 |
| തൻവർഷം നിക്ഷേപിച്ച തുക | 32614 |
| ആകെ | 8318312 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8318312 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, പുല്ലാട് | 17/06/2019 | 12 മാസം | 1666694 | |
| 2 | കേരള ഗ്രാമീൺ ബാങ്ക്, പുല്ലാട് | 29/06/2019 | 12 മാസം | 3102095 | |
| 3 | പത്തനംതിട്ട ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, | 24/03/2020 | 12 മാസം | 440289 | |

| | | | | | |
|---|---|---|---|---|---|
| | പുല്ലാട് | | | | |
| 4 | പത്തനംതിട്ട ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, പുല്ലാട് | 13/12/2019 | 12 മാസം | 3109234 | |
| ആകെ | | | | 8318312 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2-1 | 2016-17 | വസ്തു നികുതി പിരിവ് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | വസ്തു നികുതി പിരിവ് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-5 | 2016-17 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88532895 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 60138387 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി3-273/08, തീയതി 31-10-08/06-11-09 | എല്ലാ ഖണ്ഡികകളും |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3-68/99, തീയതി 09-02-99/06-03-99 | ,, |
| 1997-98(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി5/274/08, തീയതി 24-12-08/06-11-09 | 4-2 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3/568/99, തീയതി 29-04-00/12-05-00 | 3,5,7,16 |
| 1998-99(ഡി സി ബി) | എൽ.എഫ്.പി.റ്റി.എ/പി7/09-10, തീയതി 12-07-10/29-07-2011 | എല്ലാ ഖണ്ഡികകളും |
| 1999-00 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3/826/02, തീയതി 09-06-05/17-06-05 | 9,18,19,21,28,29,30,32,37 ,38,39,45,46,47,49,50,53(1),53(2) |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി3/156/04, തീയതി 18-05-04/27-07-04 | എല്ലാ ഖണ്ഡികകളും |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3696/05, തീയതി 08-02-06/31-03-06 | ,, |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7/50/10, തീയതി 04-10-10/29-07-11 | 1-1 മുതൽ 1-4 വരെ |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി5/702/06, തീയതി 17-03-07/15-12-07 | 2-6 മുതൽ 2-9, 2-11,2-12, 2-18,2-19,2-24 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി7207/09, തീയതി 27-02-10/22-10-11 | 3-2,3,3-3,3-17,3-21 മുതൽ 3-26 വരെ,2.1(B),2-8,3-1,3-7,3-10,3-14 3-18 3-19, 3-27, 3-29 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി7/208/09, തീയതി 15-02-09/28-10-11 | 3-1 മുതൽ 3-6,3-11,3-13,3-15 വരെ |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7/209/10, തീയതി 27-02-09/28-10-11 | 1-2,3-1, 3-4,3-6,3-7,3-9, 3-10,3-13, 3-16 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5/1097/11, തീയതി.30.12.2011/01.04.2014 | 3-4 മുതൽ 3-7 വരെ |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി5/1098/1i, | 1-1,3-1,3-2,3-13, 3-15, 3-17 |

| | | |
|---|---|---|
| | തീയതി 30-12-11 | |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി5/1099/11, തീയതി 02-01-12 | 3-2(എ-ഡി), 3-5, 3-6, 3-7, 3-8, 3-9 |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി5/1100/11, തീയതി 30-12-12/03-04-14 | 2-2(1),2-2(2), 3-2, 3-6, 3-8, 3-20 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ/പി8/801/11, തീയതി 11-02-14/08-08-14 | 23 ഖണ്ഡികകൾ |
| 2012-13 | കെ.എസ്.എ.പിറ്റി.എ.പി./ പി8/276/15, തീയതി 07-08-15 | 2-2, 2-4,(2),2-4(3), 2-53-1,13,3-2,3-3 |
| 2013-14 & 2014-15 | കെ.എസ്.എ.പിറ്റി.എ.പി./ പി8/115/16, തീയതി 06-02-16 | 2-1,2-2,2-5മുതൽ 2-7 വരെ, 3-3,3-8,3-9,3-10,3-11,3-12,3-14,3-15, 3-17,3-19, 3-23 |
| 2015-16 | കെ.എസ്.എ.പിറ്റി.എ.പി./ പി8/31/17, തീയതി 31-01-17 | 1-3,2-2,2-7,3-1,3-6,3-10 3-15,3-18,3-19,3-22,3-23 |
| 2016-17 | കെ.എസ്.എ.പിറ്റി.എ.പി./ പി8/1039/17, തീയതി 11-09-17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.പിറ്റി.എ.പി.3/1577/18 തീയതി 05.01.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി13/931/2019 തീയതി.02.12.2019 | എല്ലാ ഖണ്ഡികകളും |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്